(ഇ) 36 മുതൽ 120 ശതമാനംവരെ പലിശ ഈടാക്കുകയും വീഴ്ചവരുത്തുന്ന വാഹന ഉടമകളെ അധോലോക സംഘങ്ങളെ നിയോഗിച്ച് വകവരുത്തുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വാഹനം വാങ്ങുന്നതുൾപ്പെടെ ഏത് ആവശ്യത്തിനായാലും വായ്പനല്കുന്ന ഫൈനാൻസ് സ്ഥാപനങ്ങളെല്ലാം കേരളാ മണിലെന്റേഴ്സ് ആക്ടിന്റെ പരിധിയിൽ വരും. അത്തരം സ്ഥാപനങ്ങൾക്കുമേൽ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയന്ത്രണമുണ്ട്.

(ബി) സഹകാര്യപണമിടപാട് സ്ഥാപനങ്ങൾ നിർബന്ധമായും കെ.എം.എൽ. ആക്ടിൻപ്രകാരം ലൈസൻസ് എടുക്കേണ്ടതും ആയത് എല്ലാ വർഷവും പുതുക്കേണ്ടതുമാണ്.

(സി) 1998-99-ൽ മണിലെന്റേഴ്സ് ലെന്റർമാരിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 417.72 ലക്ഷംരൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അമിത പലിശ ഈടാക്കുന്നതിന് വ്യക്തമായ തെളിവുകൾ ലഭിച്ചാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. അധോലോക സംഘങ്ങളെ നിയോഗിച്ച് വാഹന ഉടമകളെ പീഡിപ്പിക്കുന്ന സംഭവങ്ങളെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

21 (3347) പുതിയ പെൻഷൻ പദ്ധതി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിച്ച പുതിയ പെൻഷൻ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) പെൻഷൻ പദ്ധതിക്ക് മുൻകാല പ്രാബല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിപ്രകാരം സർക്കാരിന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ;

(ഡി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് പെൻഷൻ നൽകുന്ന സ്കീം പ്രകാരം സർക്കാരിന് ഒരു വർഷം എത്ര ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്; ഈ സ്കീം എത്ര പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറഞ്ഞത് പത്തു വർഷത്തെ യോഗ്യസേവന കാലം ഇല്ലാത്ത കാരണത്താൽ പെൻഷന് അർഹതയില്ലാതെ സർവീസിൽനിന്നും പിരിയേണ്ടിവരുന്ന സർക്കാർ ജീവനക്കാർക്കായി വിഭാവനം ചെയ്തതാണ് പുതിയ പെൻഷൻ പദ്ധതി. ഈ പദ്ധതിപ്രകാരം പെൻഷന് അർഹരാകുന്ന മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിനു താഴെ സർവീസുള്ളവർക്ക് പ്രതിമാസം കുറഞ്ഞത് 400 രൂപയും അതിൽ കൂടുതൽ വർഷം സർവ്വീസുള്ളവർക്ക് ഓരോ വർഷത്തേയും സേവന ദൈർഘ്യം കണക്കിലെടുത്ത് ആനുപാതികമായി ക്ലിപ്ത തുകയും, കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷാമാശ്വാസവും ലഭിക്കും. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉണ്ട്. എന്നാൽ കുടിശ്ശിക നൽകുന്ന കാര്യം പരിഗണനയിലില്ല.

(സി) കണക്കാക്കിവരുന്നു

(ഡി) ഈ സ്കീമിൽ പെൻഷൻ അനുവദിക്കുന്നതിന് ഇപ്പോഴും അപേക്ഷകൾ ലഭിച്ചുവരുന്നു. എത്ര പേർക്ക് അർഹതയുണ്ടാകുമെന്ന് ഇതുവരെ കണക്കാക്കിയിട്ടില്ല. അതുകൊണ്ട് സാമ്പത്തിക ബാധ്യതയും ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല.

22 (3348) ട്രഷറിയിൽ നിന്നും പെൻഷൻ കുടിശ്ശിക തട്ടിയെടുത്തതായി പരാതി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയറ സബ്ട്രഷറിയിൽ നിന്നും 17 പേരുടെ പെൻഷൻ കുടിശ്ശിക തട്ടിയെടുത്ത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതവസ്ഥയിൽ ആണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസിലെ പ്രതികളായ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രതികൾ ഇപ്പോൾ സർവ്വീസിൽ ഉണ്ടോ;

(ഡി) എന്നാണ് സസ്പെൻഷന് ശേഷം ഇവരെ സർവ്വീസിൽ പ്രവേശിപ്പിച്ചത് എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; തട്ടിപ്പിനിരയായ 17 പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക ബില്ലുകൾ പാസാക്കിയ ഉദ്യോഗസ്ഥർ ആരാണ്;

(ഇ) ഈ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തിരുന്നുവോ;

(എഫ്) സസ്പെൻഷന് ശേഷം അദ്ദേഹത്തെ എന്നാണ് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചത്;

(ജി) ഇദ്ദേഹത്തിനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ; ഇപ്പോൾ ഏത് കേഡറിലാണ് ജോലി ചെയ്യുന്നത്, കേസ്സിൽ പ്രതിയായ സമയത്ത് ഏത് തസ്തികയിൽ ആയിരുന്നു; വിജിലൻസ് കേസിൽ പ്രതിയാകുകയും സസ്പെൻഷന് വിധേയമാകുകയും ചെയ്ത ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കുന്നതിന് മുൻപ് സ്ഥാനക്കയറ്റങ്ങൾ നൽകി നിയമിക്കുമോ എന്ന് വിശദമാക്കുമോ;

(എച്ച്) വിജിലൻസ് അന്വേഷിക്കുന്ന തട്ടിപ്പു കേസ്സിൽ ഈ ഉദ്യോഗസ്ഥൻ എത്രാമത്തെ പ്രതിയാണെന്ന് വ്യക്തമാക്കുമോ;

(ഐ) പെൻഷൻ തട്ടിപ്പിനിരയായ 17 പേർക്കും തട്ടിപ്പുമൂലം നഷ്ടപ്പെട്ട പെൻഷൻ കുടിശ്ശിക പലിശസഹിതം പുനർവിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly